**COURIER POINT AGREEMENT**

2023 September 26-ാം തിയ്യതി കോഴിക്കോട് കോർപ്പറേഷൻ കല്ലായിയിൽ സ്ഥിതി ചെയ്യുന്ന Rich Indians International Pvt. Ltd എന്ന സ്ഥാപനത്തിന്റെ സഹോദര സ്ഥാപനമായ Rich Indians Courier & Delivery LLP എന്ന സ്ഥാപനത്തിന്റെ " Courier & Delivery point " നൽകുന്നതിനു വേണ്ടി കമ്പനിയുടെ Chairman ആയ Mrethunjayan. K.P, Age 52, S/O Sreenivasan, Kunnummal Puthalath, "Sree"Nivas, P.O.North Beypore, ഒന്നാം പാർട്ടിയായും, Rajeev R, Age 41, S/O Rajappan ND,Kattezhath, P.O Pattanakad, Cherthala, Vayalar (CT) village, Alappuzha District- 688531, kerala, India എന്നവർ രണ്ടാം പാർട്ടിയായും എഴുതി ഒപ്പിടുന്ന എഗ്രിമെന്റ്.

ഒന്നാം പാർട്ടി　　　　　　　　　　　　　　　　　　　　രണ്ടാം പാർട്ടി

1) രണ്ടാം പാർട്ടി "Courier & Delivery point" നടത്തുവാൻ വേണ്ടി ഒന്നാം പാർട്ടിയെ സമീപിക്കുകയും താഴെ പ്രസ്താവിച്ച വ്യവസ്ഥകൾക്കനുസരിച്ചു രണ്ടാം പാർട്ടിയെ "Delivery point " ആയി നിയമിച്ചിരിക്കുവാൻ ഒന്നാം പാർട്ടി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു.

2) "Courier & Delivery point " നടത്തുന്നതിന് വേണ്ടിയുള്ള Pick Up ഉം Delivery യും കമ്പനിയുടെ താഴെ പറയുന്ന നിർദ്ദേശങ്ങൾ പ്രകാരമാണ് നടത്തേണ്ടത്.

3) Valuable Documents അടങ്ങുന്ന പായ്ക്കറ്റുകൾ ശേഖരിക്കുകയും അവ രേഖപ്പെടുത്തിയ അഡ്രസ്സിൽ എത്തിച്ചു കൊടുക്കുകയും ചെയുന്നതാണ് Courier Service ന്റെ ഉദ്ദേശ്യം.

4) Courier Service വീടുകളിൽ നിന്ന് വീടുകളിലേക്കോ, വീടുകളിൽ നിന്ന് സ്ഥാപനങ്ങളിലേക്കോ, സ്ഥാപനങ്ങളിൽ നിന്ന് വീടുകളിലേക്കോ, സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനങ്ങളിലേക്കോ ആയിരിക്കും Pick Up ആയോ Delivery ആയോ നടത്തേണ്ടത്.

ഒന്നാം പാർട്ടി                                                                                    രണ്ടാം പാർട്ടി

5) "Courier & Delivery Point" നടത്തുന്നവർ പായ്ക്കറ്റുകൾ Pick Up & Delivery ചെയ്യേണ്ടത് കമ്പനിയുടെ Annexure-A- യിലുള്ള ചാർജ്ജ് പ്രകാരമായിരിക്കണം. ഓരോ 15 (പതിനഞ്ച് ) ദിവസങ്ങളിലും Invoice Raise ചെയ്യും അതിന്റെ Payment ഇൻവോയ്സ് കിട്ടി 7 (ഏഴ് ) ദിവസങ്ങൾക്കുള്ളിലാണ് ലഭിക്കുക.

6) കൊറിയർ എത്തിക്കേണ്ട വീടുകളിലോ സ്ഥാപനങ്ങളിലോ ആളില്ലാത്തതുകൊണ്ടോ, Non Clearing, Door Lock കൊണ്ടോ പായ്ക്കറ്റ് കിട്ടാൻ വൈകിയാൽ "Delivery Point "നടത്തുന്ന ആൾ ഉത്തരവാദിയല്ല. മാത്രമല്ല "Delivery Point"നടത്തുന്ന ആൾ പ്രസ്തുത പായ്ക്കറ്റ് യാതൊരുവിധ കേടുപാടുകളും ഇല്ലാതെ 2 (രണ്ട് ) ദിവസങ്ങൾക്കുള്ളിൽ അതാത് ഉടമസ്ഥന് തിരിച്ച് ഏൽപ്പിക്കേണ്ടതാണ്.

7) പായ്ക്കറ്റുകൾ യാതൊരുവിധ കേടുപാടുകൾ ഇല്ലാതെ "Delivery Point" നടത്തിപ്പുക്കാരന് എത്തിക്കേണ്ടത് കമ്പനിയുടെ ഉത്തരവാദിത്തമാണ്. അതുപോലെ പായ്ക്കറ്റുകൾ യാതൊരു കേടുപാടുകളും ഇല്ലാതെ Pick Up and Delivery ചെയ്യേണ്ടത് "Courier & Delivery Point" നടത്തിപ്പുകാരന്റെ ഉത്തരവാദിത്തമാണ്.

ഒന്നാം പാർട്ടി

രണ്ടാം പാർട്ടി

8) കേടുപാടുകളോടുകൂടി പായ്ക്കറ്റുകൾ എത്തിച്ചാൽ "Courier & Delivery Point "നടത്തുന്ന ആളിൽ നിന്ന് തുക ഈടാക്കുന്നതാണ്.

9) "Courier & Delivery Point" നടത്തുന്ന ആൾ എല്ലാദിവസവും രാത്രി പത്തുമണി വരെ മാത്രമേ Pick Up ചെയ്യുകയുള്ളൂ.

10) Rich Indians international private limited എന്ന കമ്പനിയുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ Product വിതരണക്കാരുടെയും E-Commerce സംബന്ധമായി Rich Indians ലൂടെ വിൽക്കുന്ന Product കളുടെ പായ്ക്കറ്റുകൾ "Delivery Point" ലൂടെ Pick Up ചെയ്യുകയും Delivery ചെയ്യുകയും ചെയ്യാവുന്നതാണ്. Hotel, Super Market, Fish Market, Chicken Stall, Fruits Stall, Vegetable Stall, Medical Shop എന്നീ സ്ഥാപനങ്ങളിൽ നിന്നും കമ്പനി മുഖേന ലഭിക്കുന്ന ഓർഡറിന്റെ ഡെലിവറി തൊണ്ണൂറ് ശതമാനവും "Delivery Point " നടത്തുന്ന ആൾ മുഖാന്തരമായിരിക്കും.

11) "Courier & Delivery Point" Fee ആയി 1,00,000/- (ഒരുലക്ഷം ) രൂപ Company യുടെ Bank Account - ൽ അടക്കേണ്ടതാണ്. ഇതിൽ 10,000/- (പത്തായിരം ) രൂപ മാത്രം അടച്ചു ബാക്കി 90,000/- (തൊണ്ണൂറായിരം ) രൂപ പ്രതിമാസം കൊറിയറിൽ നിന്നും ലഭിക്കുന്ന വരുമാനത്തിൽ നിന്നും വരുമാനത്തിന്റെ 10% വിഹിതം അടച്ചു തീർത്താൽ മതി.90000/- രൂപ refundable ആണ്.

ഒന്നാം പാർട്ടി                                                            രണ്ടാം പാർട്ടി

Company ഒരു "Courier & Delivery Point" ന് നൽകുന്ന സൗകര്യങ്ങൾ താഴെ പറയുന്നു :

12) Software Login ( Seperate User ID and Password )

13) Delivery Bag / box with Company logo (Big Size)(1(one)Number).

14) Delivery Bill (Invoice)(ആവശ്യത്തിനനുസരി ച്ച് ).

15) വാഹനത്തിൽ പതിപ്പിക്കാൻ കമ്പനി ലോഗോ പതിപ്പിച്ച സ്റ്റിക്കർ.

16) Digital ID Card + Visiting card.

17) Company നിയമിക്കുന്ന Delivery Boys or Girls നു കൊടുക്കുന്ന പ്രതിഫലം (ആവശ്യത്തിനനുസരി ച്ച് ).

18) "Courier & Delivery Point " നടത്തുന്ന ആൾ നൽകേണ്ട സൗകാര്യങ്ങൾ താഴെ പറയുന്നു :

19) "Courier & Delivery Point "നടത്തുന്നതിനു മാത്രമായി ഒരു ഓഫീസോ, ഷോപ്പോ എടുക്കേണ്ടതില്ല

20) Smart ഫോൺ With Internet ഉണ്ടായിരിക്കണം.

21) Delivery Boys or Girls നെ കണ്ടെത്തി ഇന്റർവ്യു ചെയ്ത് ID Proof എന്നീ രേഖകൾ Delivery Boys or Girls ന്റെ പക്കൽ നിന്ന് ശേഖരിച്ച് കമ്പനിയുടെ ഇമെയിലിലേക്ക് അയച്ചു തരണം.

22) Delivery Boys or Girls ന്റെ വീട്ടിലുള്ള ആരുടെയെങ്കിലും മൊബൈൽ നമ്പറും സ്വഭാവ സവിശേഷത മനസിലാക്കാൻ മറ്റൊരു മൊബൈൽ നമ്പറും ശേഖരിച്ചു കമ്പനിയുടെ ഇമെയിലിലേക്ക് അയച്ചുതരണം.

23) Delivery Boys or Girls ന്റെ പരിപൂർണ്ണ ഉത്തരവാദിത്തം "Courier & Delivery Point " ആയിരിക്കും.

24) Delivery Boys or Girls അവരുടെ സ്വന്തം വാഹനം ഉപയോഗിക്കണം, അതിലേക്കുള്ള പെട്രോളും റിപ്പായറിങ്ങു Delivery Boys or Girls തന്നെ നടത്തണം.

25) Delivery Boys or Girls ന്റെ ഭാഗത്തു നിന്നും ഒരു എഗ്രിമെന്റ് ഒപ്പിട്ട് കമ്പനിയുടെ ഇമെയിലിലേക് അയച്ചു തരണം. ഇതിനുള്ള എഗ്രിമെന്റ് കമ്പനി അയച്ചു തരുന്നതാണ്.

26) "Courier & Delivery Point" Fee ആയ 1,00,000 (ഒരു ലക്ഷം ) രൂപയുടെ ഉത്തരവാദിത്തം കമ്പനിക്ക് മാത്രമായിരിക്കും. കമ്പനിയുമായി അസോസിയേറ്റ് ചെയ്തവർക്കോ കമ്പനിയുടെ സ്റ്റാഫിനോ ഇതിൽ യാതൊരുവിധ ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

27) Damge കാരണമോ, അല്ലാതെയോ തിരിച്ച് വരുന്ന പായ്ക്കറ്റുകൾ ഉത്തരവാദിത്തത്തോടു കൂടി അതാത് ഉടമസ്ഥന് ഏൽപ്പിക്കേണ്ടതാണ്. Pick Up ഉം Delivery യും Delivery ചെയ്യുന്ന ആളെക്കൊണ്ട് (Delivery Boys or Girls ) നിർബന്ധമായും ചെയ്യിപ്പിക്കേണ്ടതാണ്.

28) കസ്റ്റമേഴ്സിന്റെ പക്കൽ നിന്നും ഒരു കൊറിയർ Pick Up ചെയ്യുകയോ Delivery ചെയ്യുകയോ ചെയ്യുമ്പോൾ Consignment Note ൽ ഒപ്പ് വെപ്പിക്കേണ്ടതാണ്.

29) ഉത്തരവാദിത്തത്തോടു കൂടി Customer ലേക്ക് എത്തിക്കേണ്ട പായ്ക്കറ്റുകൾ "Courier & Delivery Point " ന്റെ ഉത്തരവാദിത്തത്തിൽപ്പെട്ടതാണ്. ഈ പായ്ക്കറ്റുകൾക്ക് കേടുപാടുകൾ സംഭവിക്കാനോ, പായ്ക്ക്റ്റുകളിൽ നിന്ന് സാധനങ്ങൾ നഷ്ടപ്പെടാനോ, പായ്ക്കറ്റ് മുഴുവനും നഷ്ടപ്പെടാനോ കളവു പോകാനോ ഇടയായാൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം "Delivery Point" നടത്തുന്ന ആൾക്കായിരിക്കും.

ഒന്നാം പാർട്ടി രണ്ടാം പാർട്ടി



30) CASH ON DELIVERY (COD) ആയി Collect ചെയ്യുന്ന പണം Online ആയി Company Account ലേക്ക് Transfer ചെയ്ത് രേഖപ്പെടുത്തുകയോ, നേരിട്ട് കൈയ്യിൽവാങ്ങി 20 (ഇരുപത് ) മണിക്കൂറിനുള്ളിൽ കമ്പനിയുടെ അക്കൗണ്ടിലേക്ക് അടക്കേണ്ടതാണ് അതായത് ദിവസേന മൂന്ന് മണി വരെ ലഭിക്കുന്ന പണം പിറ്റേദിവസം 11 മണിക്കുള്ളിൽ നിർബന്ധമായും അടക്കേണ്ടതാണ്. ഇതിൽ വിഴ്ച്ചവരുത്തിയാൽ കമ്പനിയിൽ നിന്ന് പ്രസ്തുത "Delivery Point " എന്നെന്നേക്കുമായി റദ്ദ് ചെയ്യപ്പെടുന്നതാണ്.

31) സർവ്വീസ് ടാക്സ് ഗവണ്മെന്റ് നിശ്ചയിക്കുന്ന തുക അതാതു സമയത്ത് ടാക്സ് ആയി ഗവണ്മെന്റീന് നൽകേണ്ടതാണ്.

32) കമ്പനിയിൽ നിന്നും ലഭിക്കുന്ന കമ്മീഷൻ ഗവണ്മെന്റിന്റെ TDS കട്ട് ചെയ്തതിന് ശേഷം മാത്രമായിരിക്കും ലഭിക്കുക. ഈ കട്ട് ചെയ്ത TDS വർഷാവർഷം ഗവണ്മെന്റിലേക് ടാക്സ് റിട്ടേൺ സമർപ്പിച്ച് തിരിച്ച് വാങ്ങാവുന്നതാണ്.

33) വർഷവും Maintenance Fee ആയി 1000 (ആയിരം ) രൂപ കമ്പനിയിലേക്ക് അടക്കേണ്ടതാണ്.

34) മേൽപറഞ്ഞ കാര്യങ്ങൾ "Courier & Delivery Point " നടത്തുന്ന ആൾ തെറ്റിക്കുകയോ, നടപ്പിലാക്കാതെ വരികയോ ആണെങ്കിൽ യാതൊരു മുന്നറിയിപ്പും കൂടാതെ എഗ്രിമെന്റ് റദ്ദാക്കുന്നതാണ്.

35) "Courier & Delivery Point " ന്റെ കീഴിലുള്ള Delivery Boys/Girls ലുടെ നടത്തുന്ന ഓരോ ഡെലിവറിക്കും 5 രൂപ വീതം "Courier & Delivery Point" ന് ലഭിക്കുന്നതാണ്.

36) ഈ എഗ്രിമെന്റിൽ പറഞ്ഞ കാര്യങ്ങൾ എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ട് കേരളത്തിലെ Alappuzha ജില്ലയിലെ Vayalar (CT) എന്ന വില്ലേജിലെ "Courier & Delivery Point" ഒന്നാം പാർട്ടി എഗ്രിമെന്റ് ചെയ്ത് നൽകിരിക്കുന്നു.

37) ഈ എഗ്രിമെന്റ് തുടങ്ങിയതു മുതൽ ഒരു വർഷം കഴിയുന്നതോടു കൂടി ഈ അഗ്രിമെന്റിന്റെ കാലാവധി അവസാനിക്കുന്നതാണ്. എന്നാൽ ഇരുകൂട്ടർക്കും സമ്മതമാണെകിൽ മാത്രം ഇതേ നിബന്ധനകൾ പ്രകാരമോ വീണ്ടും നടത്താവുന്നതാണ്.

38) രണ്ടാം പാർട്ടിയുടെ WifeആയSumishamol KS നോമിനിയായി നിശ്ചയിച്ചിരിക്കുന്നു.

39) നമ്മളിൽ ആർക്കങ്കിലും ചില പ്രത്യേക കാരണത്താൽ മുന്നോട്ടു കൊണ്ടുപോകാൻ കഴിയാതെ വന്നാൽ 7 (ഏഴ് ) ദിവസത്തിന്റെ Notice Period ൽ അറിയിക്കേണ്ടതാണ്.

40) ഈ എഗ്രിമെന്റുമായി ബന്ധപ്പെട്ട ഏതു തരത്തിലുള്ള തർക്കങ്ങളും വഴക്കുകളും കോഴിക്കോട് കോടതിയിൽ മാത്രമായിരിക്കും തീർപ്പാക്കുന്നത്.

ഒന്നാം പാർട്ടി　　　　　　　　　　　　　　　　　　　　രണ്ടാം പാർട്ടി



41) പ്രസ്തുത കമ്പനിയുടെ കോഴിക്കോട് ഹെഡ് OFFICE -ൽ നിന്നാണ് ഒന്നാം പാർട്ടിയും രണ്ടാം പാർട്ടിയും ഈ എഗ്രിമെന്റിൽ ഒപ്പുവെക്കുന്നത്.

42) ഈ എഗ്രിമെന്റ് 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ ആണ് എഴുതിരിക്കുന്നത്. ഇതിന്റെ Original ഒന്നാം പാർട്ടിയും Photostat രണ്ടാം പാർട്ടിയും കൈവശം വെച്ച് സൂക്ഷിക്കേണ്ടത്.

ഒന്നാം പാർട്ടി　　　　　　　　　　　　　　　　　　　　രണ്ടാം പാർട്ടി

ഒന്നാം സാക്ഷി :ഒപ്പ് :

ഒന്നാം സാക്ഷി :പേര് :

ഒന്നാം സാക്ഷി :വീട്ടുപേര്:

ഒന്നാം സാക്ഷി :പോസ്റ്റ് ഓഫീസ് :

ഒന്നാം സാക്ഷി :ജില്ല:

ഒന്നാം സാക്ഷി :മൊബൈൽ നമ്പർ :

രണ്ടാം സാക്ഷി : ഒപ്പ് :

രണ്ടാം സാക്ഷി :പേര് :

രണ്ടാം സാക്ഷി :വീട്ടുപേര്:

രണ്ടാം സാക്ഷി :പോസ്റ്റ് ഓഫീസ് :

രണ്ടാം സാക്ഷി :ജില്ല :

രണ്ടാം സാക്ഷി :മൊബൈൽ നമ്പർ :